The Malankara Sabha

# മലങ്കരസഭ

The Official Media of Malankara Orthodox Syrian Church



## ചെങ്ങന്നൂർ ഭദ്രാസന മെത്രാപ്പോലീത്താ

# തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായ്ക്ക് യാത്രാമൊഴി



തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ

**എറണാകുളം:** മലങ്കര ഓർത്തഡോക്സ് സഭയുടെ സീനിയർ മെത്രാപ്പോലീത്തായും ചെങ്ങന്നൂർ ഭദ്രാസനാധിപനുമായ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ കബറടക്കം ആഗസ്റ്റ് 26 ഞായറാഴ്ച ഉച്ചയ്ക്ക് ഓതറ സെന്റ് ജോർജ് ദയറായിൽ നടക്കും. രാവിലെ പുത്തൻകാവ് സെന്റ് മേരീസ് കത്തീഡ്രലിൽ വി. കുർബ്ബാനയ്ക്കു ശേഷം കബറടക്ക ശുശ്രൂഷകൾ പൂർത്തീകരിക്കും. തുടർന്ന് പുത്തൻകാവ്, ചെങ്ങന്നൂർ, കല്ലിശ്ശേരി, ഓതറ വഴി നഗരികാണിക്കൽ നടത്തി ഓതറ ദയറായിൽ സമാപന ശുശ്രൂഷകളും കബറടക്കവും നടത്തും. പ. കാതോലിക്കാബാവായും സഭയിലെ മെത്രാപ്പോലീത്തന്മാരും കബറടക്ക ശുശ്രൂഷകൾക്ക് നേതൃത്വം നൽകും.

ബറോഡയിൽ നിന്നും ചെങ്ങന്നൂരേക്ക് തിരികെ വരുമ്പോൾ എറണാകുളം റെയിൽവേ സ്റ്റേഷന് സമീപം പുല്ലേപ്പടി പാലത്തിന് സമീപത്ത് വെച്ചാണ് അപകടം നടന്നത്.

ഭൗതിക ശരീരം എറണാകുളം ജനറൽ ആശുപത്രിയിൽ പോസ്റ്റ്മാർട്ടത്തിന് ശേഷം എറണാകുളം സെന്റ് മേരീസ് കത്തീഡ്രലിൽ പൊതു ദർശനത്തിന് വച്ചു.

എറണാകുളത്തു നിന്നും ദേശീയ പാതയിലൂടെ പരുമല വഴി രാത്രിയിൽ ബഥേൽ അരമനയിൽ എത്തിച്ചു. ശനിയാഴ്ച ഭൗതിക ശരീരം മാതൃ ഇടവകയായ പുത്തൻകാവ് സെന്റ് മേരീസ് കത്തീഡ്രലിൽ പൊതുദർശനത്തിന് വെയ്ക്കും.

ഞായറാഴ്ച പുത്തൻകാവ് സെന്റ് മേരീസ് കത്തീഡ്രലിൽ വി. കുർബാനയെ തുടർന്ന് കബറടക്ക ശുശ്രൂഷയുടെ ക്രമങ്ങൾ പൂർത്തീകരിക്കും. തുടർന്ന് ചെങ്ങന്നൂർ വഴി ഭൗതിക ശരീരം ഓതറ ദയറായിൽ പ്രത്യേകം അലങ്കരിച്ച വാഹനത്തിൽ എത്തിക്കും. ഓതറ ദയറായിൽ മുൻകൂട്ടി തയ്യാറാക്കിയ കല്ലറയിൽ ഉച്ചയോടെ കബറടക്ക ശുശ്രൂഷകൾ പൂർത്തീകരിക്കും.

തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ ദേഹവിയോഗത്തിൽ പ. സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ, വൈദിക ട്രസ്റ്റി ഫാ. ഡോ. എം.ഒ. ജോൺ, അൽമായ ട്രസ്റ്റി ജോർജ് പോൾ, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ എന്നിവർ അനുശോചനം രേഖപ്പെടുത്തി.

## അത്താനാസിയോസ് മെത്രാപ്പോലീത്തായുടേത് അതുല്യ സേവനം

**പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ**

മലങ്കര സഭയുടെ സീനിയർ മെത്രാപ്പോലീത്താ പദവിയിലും ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ ഭരണാധിപൻ എന്ന നിലയിലും സഭാ ശുശ്രൂഷകൾ നിർവ്വഹിച്ചു കൊണ്ടിരുന്ന അഭിവന്ദ്യനായ തോമസ് മാർ അത്താനാസിയോസ് തിരുമേനി ആഗസ്റ്റ് 24 വെള്ളിയാഴ്ച 5.30-ന് കാലം ചെയ്തു. സഭയെ സംബന്ധിച്ച് ഇത് തീരാ നഷ്ടമാണ്. അദ്ദേഹം ഉത്തര ഭാരതത്തിൽ വിദ്യാഭ്യാസ രംഗത്ത് ദീർഘമായ പ്രവർത്തനങ്ങൾ ചെയ്തുകൊണ്ടിരുന്നു. അവിടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനവധി ആരംഭിച്ചു. അതുവഴി അനേകം പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് അവസരം ലഭ്യമായി.

ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായായി ഭരണ നിർവ്വഹണം നടത്തി. ഭദ്രാസനത്തിന്റെ സമസ്ത വികസനത്തിലും അദ്ദേഹം നടത്തിയ സേവനം അതുല്യമാണ്. 1985-ൽ വാഴിക്കപ്പെട്ട മേൽപ്പട്ടക്കാരിൽ അദ്ദേഹം പ്രായം കൊണ്ട് രണ്ടാമനായിരുന്നു. സഭയുടെ വികസന പ്രവർത്തനത്തിൽ ഏറെ അദ്ധ്വാനിക്കുവാനുള്ള ശുശ്രൂഷാ മനോഭാവമായിരുന്നു തിരുമേനിയുടേത്. ഭൗതിക ശരീരം ചെങ്ങന്നൂർ ബഥേൽ അരമനയിൽ കൊണ്ട് വരും. പ്രാർത്ഥനകളും അഖണ്ഡ പ്രാർത്ഥനകളും അവിടെ നടത്തും. ഞായറാഴ്ച രാവിലെ ആരാധനയ്ക്ക് ശേഷം സമാപന ശുശ്രൂഷകൾ പുത്തൻകാവിൽ നടത്തും.

അഭി. തോമസ് മാർ അത്താനാസിയോസ് തിരുമേനിയുടെ ആഗ്രഹപ്രകാരം കബറടക്ക ശുശ്രൂഷ ഓതറ ദയറായിലെ പ്രത്യേകം കബറിടത്തിൽ നടത്തും. അവിടെ ദേവാലയം പണി നടന്നുകൊണ്ടിരിക്കുകയാണ്. ദേവാലയ പണിയോടനുബന്ധിച്ച് അദ്ദേഹം ഇവിടെ തന്നെ കബറിടവും നിർമ്മിച്ചിരുന്നു. സമാപന പ്രാർത്ഥനകൾ മാത്രമാണ് ഓതറ ദയറായിൽ നടത്തുവാൻ ക്രമീകരണം ചെയ്യുന്നത്.

അദ്ദേഹത്തിന്റെ വേർപാട് സഭയ്ക്ക് വലിയ നഷ്ടമാണ്. പ്രതിസന്ധികളിൽ ദൈവം നമ്മേ നടത്തും എന്ന ആത്മ ധൈര്യം നമുക്ക് ഏവർക്കും ഉണ്ടാകണം. ദൈവസന്നിധിയിലേയ്ക്ക് നമ്മുടെ കണ്ണുകൾ ഉയർത്തി പ്രത്യാശയോടെ മുന്നേറണം. ക്രിസ്തീയമായ പ്രത്യാശ യേശുക്രിസ്തുവിൽ നമുക്കു ലഭിച്ചിട്ടുള്ളതാണ്. എന്റെ ജ്യേഷ്ഠ സഹോദരൻ എന്ന നിലയിൽ ഞാൻ കരുതുന്ന ഈ പിതാവിന്റെ ആത്മാവ് സ്വർഗ്ഗ സന്നിധിയിലേയ്ക്ക് പ്രവേശിക്കട്ടെ.

**നാൾവഴി:** ജനനം: 1938 ഏപ്രിൽ 3. മാതാപിതാക്കൾ: പുത്തൻകാവ് കിഴക്കേതലയ്ക്കൽ കെ.റ്റി. തോമസ്, ഏലിയാമ്മ തോമസ്. വിദ്യാഭ്യാസം: മെട്രോപോലീത്തൻ ഹൈസ്കൂൾ, പുത്തൻകാവ്, എം.റ്റി. സെമിനാരി സ്കൂൾ, കോട്ടയം; ഇന്റർമീഡിയറ്റ്: സി.എം.എസ് കോളജ്, കോട്ടയം; ബി.എസ്.സി (ഫിസിക്സ്) എസ്.ബി. കോളജ് ചങ്ങനാശ്ശേരി, ബി.എഡ്.-എൻ.എസ്.എസ്. കോളജ് ചങ്ങനാശ്ശേരി, ബി.ഡി.-സെറാംപൂർ കോളജ് കൽക്കട്ടാ, മാസ്റ്റർ ഓഫ് എഡ്യൂക്കേഷൻ (എം.ഇ.)-എം.എസ്. യൂണിവേഴ്സിറ്റി, ബറോഡാ. യു.ജി.സി. സ്കോളർഷിപ്പോടെ ഗവേഷണ പഠനത്തിന് പ്രാരംഭം കുറിച്ചു.

**വഹിച്ച സ്ഥാനങ്ങൾ:** 1. പ്രിൻസിപ്പാൾ, സെ. ബേസിൽ സ്കൂൾ, ബറോഡ, 2. ചെങ്ങന്നൂർ ഭദ്രാസന പ്രഥമ മെത്രാപ്പോലീത്ത, 3. പ. എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി, 4. കാതോലിക്കേറ്റ് & എം.ഡി. സ്കൂൾസ് മാനേജർ, 5. അഖില മലങ്കര ബാലസമാജം പ്രസിഡന്റ്, 6. അഖില മലങ്കര പ്രാർത്ഥനായോഗം പ്രസിഡന്റ്, 7. ചർച്ച് അക്കൗണ്ട്സ് കമ്മറ്റി പ്രസിഡന്റ്, 8. എം.ഒ.സി. പബ്ലിക്കേഷൻ പ്രസിഡന്റ്, 9. മലങ്കര സഭാ ഫിനാൻസ് കമ്മറ്റി പ്രസിഡന്റ്, 10. മലങ്കര സഭ ദൃശ്യ മാധ്യമ സമിതി പ്രസിഡന്റ്, 11. വൈദിക സംഘം പ്രസിഡന്റ്, 12. ബസ്ക്യോമോ അസോസിയേഷൻ പ്രസിഡന്റ്.

**നേട്ടങ്ങൾ:** നാട്ടിലും വിദേശത്തുമായി വിവിധ ഇടവകകൾ ആരംഭിച്ചു. ഗുജറാത്തിൽ നിരവധി സ്കൂളുകൾ സ്ഥാപിച്ചു. വിദ്യാഭ്യാസ വിചക്ഷണൻ. സഭാ ഭരണഘടനയിൽ നൈപുണ്യം. മികച്ച ഭരണാധികാരി. മലങ്കര സഭയിൽ ഇദംപ്രഥമായി വിവാഹ പൂർവ്വ കൗൺസലിംഗ് ആരംഭിച്ചു. മികച്ച ഭദ്രാസന ഭരണം.

2018 ആഗസ്റ്റ് 24-ന് രാവിലെ 5.30-ന് കാലം ചെയ്തു. 2018 ആഗസ്റ്റ് 26-ന് ഓതറ സെ. ജോർജ് ദയറായിൽ കബറടക്കം.

– ഫാ. ദീപു ഫിലിപ് എള്ളാലയിൽ

